പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2714 — 10.07.2015 ലെ മറുപടി

## സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസ

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ഡോ.കെ.ടി. ജലീൽ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസയ്ക്ക് നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സ്വകാര്യ ഏജൻസികൾ വഴി നേഴ്സിംഗ് ജോലിയ്ക്കുള്ള വിസയ്ക്ക് മാത്രമാണ് കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഈ തീരുമാനം വന്നതോടെ സ്വകാര്യ ഏജൻസികൾ വഴി വിസ ലഭിച്ചവരുടെ വിദേശയാത്ര മുടങ്ങിയത് മൂലം അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പുതിയ തീരുമാനങ്ങൾ പ്രകാരം വിദേശ രാജ്യങ്ങളിലേയ്ക്ക് ഇനി മുതലുള്ള റിക്രൂട്ട്മെന്റ് സംബന്ധിച്ച് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ? | (സി) | ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക - റൂട്ട്സ്, ഒ.ഡി.ഇ.പി.സിയേയും തമിഴ്നാട് സർക്കാരിന്റെ കീഴിലെ ഓവർസീസ് മാൻപവർ കോർപറേഷൻ ലിമിറ്റഡ് എന്നിവ വഴി മാത്രമായി പരിമിതപ്പെടുത്തി കേന്ദ്രഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും 31.05.2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ ഓൺലൈൻ പോർട്ടലായ emigrate.gov.in ൽ കൂടി ഓൺലൈനായി മാത്രമേ റിക്രൂട്ട്മെന്റ് / എമിഗ്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ടി സർക്കാർ ഏജൻസികൾ നേഴ്സുമാരിൽ നിന്നും റിക്രൂട്ട്മെന്റ് ചെലവുകൾക്കായി യാതൊരു തുകയും വാങ്ങരുതെന്നും ആയത് വിദേശത്തുള്ള ഉദ്യോഗദാതാവിൽ നിന്നും പരസ്പര ധാരണയിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ